# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

# അധ്യാപകദിന ചിന്തകൾ

മഹാനായ അധ്യാപകൻ, തത്വചിന്തകൻ, ഭരണാധികാരി എന്നീ നിലകളിൽ പ്രാഗൽഭ്യം തെളിയിച്ച, ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രണ്ടാമത്തെ രാഷ്ട്രപതിയുമായിരുന്ന ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 രാഷ്ട്രം അധ്യാപകദിനമായി ആചരിക്കുന്നു. 1962 മെയ് 13 ന് ഇന്ത്യയുടെ രാഷ്ട്രപതിയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെടുമ്പോൾ ലോക തത്വശാസ്ത്രശാഖയ്ക്ക് ലഭിച്ച അംഗീകാരം എന്നാണ് ബർട്രാൻഡ് റസ്സൽ വിശേഷിപ്പിച്ചത്. ബനാറസ് സർവകാലാശാലയിൽ വൈസ് ചാൻസലറായി സേവനമനുഷ്ഠിക്കുകയും ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പഠിപ്പിക്കുയും ചെയ്ത അദ്ദേഹം സോവിയേറ്റ് യൂണിയനിലെ ഇന്ത്യൻ അംബാസിഡറായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യൻ ഫിലോസഫി എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ അദ്ദേഹത്തിന്റെ മികച്ച രചനകളിൽ ഒന്നാണ്.

എന്റെ ജന്മദിനം പ്രത്യേകമായി ആഘോഷിക്കുകയാണെങ്കിൽ അത് അധ്യാപകദിനമായിട്ടായിരിക്കണം എന്നാണ് തന്നോട് ജന്മദിനാഘോഷം നടത്തണമെന്ന് അഭ്യർത്ഥിച്ച വിദ്യാർത്ഥികളോട് അദ്ദേഹം പറഞ്ഞത്. രാഷ്ട്രം അത്യാദരവോടെ അദ്ദേഹത്തിന്റെ ആഗ്രഹം സഫലീകരിക്കുകയും ചെയ്തു. വിജ്ഞാനമേഖലയിൽ ഡോ. എസ്. രാധാകൃഷ്ണൻ നൽകിയ സംഭാവനകൾ മുൻനിർത്തിയാണ് അദ്ദേഹത്തിന്റെ ജന്മദിനം അധ്യാപകദിനമായി നാം ആചരിക്കുന്നത്. 1954 ൽ ഭാരത രത്നം നൽകി രാഷ്ട്രം അദ്ദേഹത്തെ ആചരിച്ചു. ബ്രിട്ടൻ നൈറ്റ് ബാച്ചിലർ ബഹുമതി നൽകിയും അദ്ദേഹത്തെ ആദരിച്ചു.

ചെന്നെയിൽ നിന്ന് 64 കി.മി അകലെ തിരുത്തണി എന്ന ഗ്രാമത്തിലെ ഒരു തെലുങ്ക് ബ്രാഹ്മിണ കുടുംബത്തിലാണ് ഡോ. എസ് രാധാകൃഷണൻ ജനിച്ചത്. തെലുങ്കായിരുന്നു മാതൃഭാഷ. സർവ്വേപ്പള്ളി വീരസ്വാമിയുടെയും സരിതമ്മയുടെയും ആറുമക്കളിൽ ഒരാളിയുന്ന അദ്ദേഹം ദരിദ്രമായ സാഹചര്യത്തിലാണ് വളർന്നത്. പഠിക്കാൻ സമർത്ഥനായിരുന്നതിനാൽ വിദ്യാഭ്യാസകാലം മുഴുവൻ സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയുരുന്നു. ഓക്സ്ഫോർഡജ് സർവ്വകലാശാലയിൽ പഠിക്കാനുള്ള ആഗ്രഹം തന്റെ കുടുംബത്തിന്റെ അവസ്ഥയോർത്ത് അദ്ദേഹം വേണ്ടെന്നുവച്ചു. തന്റെ 16-ാമതന്നെ വയസ്സിൽ അകന്ന ബന്ധുകൂടിയായ ശിവകാമിയെ വിവാഹം കഴിച്ചു. 5 പെൺകുട്ടികളും ചിത്രകാരനായി അറിയപ്പെടുന്ന ഏകമകൻ സർവ്വേപ്പള്ളി ഗോപാലനും ഉൾപ്പെടെ ആറുമക്കളുണ്ട്. 1929 ൽ ഓക്സ്ഫോഡിലെ മാഞ്ചസ്റ്റർ കോളേജിൽ അധ്യാപനായി. അധ്യാപനത്തിന്റെ മഹത്വവും അധ്യാപകരുടെ സ്ഥാനവും എക്കാലത്തും ആദരിക്കപ്പെടണമെന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു.

ഈ വർഷത്തെ അധ്യാപകദിനാഘോഷം സമ്മിശ്രവികാരങ്ങളോടെയാണ് നാം ആചരിക്കുന്നത്. വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്ന് മൂന്നുവർഷമായിട്ടും തെരഞ്ഞെടുപ്പ് പ്രചാരണത്തിനപ്പുറം ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല. സംസ്ഥാന ഗവൺമെന്റുകൾ ഫണ്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി കൈയ്യൊഴിയുന്ന അവസ്ഥയിലാണിപ്പോൾ. പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ പേരിൽ കോർപ്പറേറ്റുകളുടെ സഹായത്തോടെ സമ്പന്നരുടെ മക്കളെ പഠിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ് സർക്കാരുകൾ ആരായുന്നത്. 25% റിസർവേഷനായി നൽകുന്ന സീറ്റുകളിൽ പാവപ്പെട്ട കുട്ടികളുടെ പഠനം ഒതുങ്ങും. പ്രീ-പ്രൈമറി വിദ്യാഭ്യാസവും എട്ടാംക്ലാസിനുശേഷമുള്ള പഠനവും സർക്കാരിന്റെ അജണ്ടയിലില്ല. ചുരുക്കത്തിൽ സാക്ഷരത കൈവരിക്കുന്നതിനപ്പുറം വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഗുണഫലം സാധാരണക്കാർക്ക് കിട്ടാൻ സാധ്യതയില്ല എന്ന് വ്യക്തം. നിയമം നടപ്പിലാക്കനുള്ള ഉത്തരവാദിത്തം സംസ്ഥാനങ്ങളുടെ ബാധ്യതയായി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ കൈയ്യൊഞ്ഞു. ജി ഡി പി യുടെ ആറ് ശതമാനമെങ്കിലും വിദ്യാഭ്യാസത്തിന് മാറ്റിവയ്ക്കാൻ ഇപ്പോഴും കേന്ദ്രം തയ്യാറല്ല.

12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസം അവകാശമായി നടപ്പിലാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. പ്രതിലോമകരമായ നയങ്ങളിലൂടെ യു.ഡി.എഫ് സർക്കാർ സംസ്ഥാനത്തെ വിദ്യാഭ്യാസ സംവിധാനത്തെ ദശാബ്ദങ്ങളോളം പിറകോട്ട് നയിക്കുകയാണ്. 12000 സ്കൂളുകൾ നിലവിലുള്ള ഇവിടുത്തെ പൊതുവിദ്യാഭ്യാസസംവിധാനം കടുത്ത ഭീഷണിയെ നേരിടുകയാണ്. കുട്ടികൾ കുറയുന്നതിന്റെ ഫലമായി ഒഴിഞ്ഞുകിടക്കുന്ന ക്ലാസ് മുറികൾ, തസ്തികയും സ്കൂളും നഷ്ടപ്പെടുന്ന അധ്യാപകർ, കലാ-കായിക അധ്യാപകർ അന്യം നിന്നുപോകുന്ന അവസ്ഥ, ആയിരക്കണക്കിന് സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ ഇതെല്ലാം സംസ്ഥാനത്ത് പതിവ് കാഴ്ചകളാവുന്നു. മികവുകളുടെ കേന്ദ്രമായി മാറിയ സ്കൂളുകളെ തകർക്കാനുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ഭാഷയും സംസ്കാരവും വെല്ലുവിളിക്കപ്പെടുന്നു. കോർപ്പറേറ്റുകൾ ഉൾപ്പെടെ കേരളത്തിൽ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നു. 6200 ലധികം വരുന്ന, കുട്ടികൾ ധാരാളമുള്ള സ്കൂളുകൾ പോലും അൺ-എക്കണോമിക് ആക്കാൻ ഈ സർക്കാർ പദ്ധതികൾ ആവിഷ്ക്കരിക്കുകയാണ്.

പട്ടിണി കിടന്നാലും കുട്ടികളെ പഠിപ്പിക്കണം എന്ന രക്ഷിതാക്കളുടെ ആഗ്രഹത്തെ ചൂഷണം ചെയ്യുകയാണ് സർക്കാരും വിദ്യാഭ്യാസ കച്ചവടക്കാരും. അൺ-എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ തലങ്ങും വിലങ്ങും അംഗീകാരം നൽകുന്നു. പതിനായിരക്കണക്കിന് അധ്യാപകർ ഇത്തരം സ്ഥാപനങ്ങളിൽ കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയരാകുന്നു. ശമ്പളം യഥാസമയം കിട്ടാതെയും, കിട്ടുന്നതുകൊണ്ട് പട്ടിണി മാറ്റാൻ കഴിയാത്തതുമായ അധ്യാപകരുടെ പുതിയൊരു തലമുറ കേരളത്തിൽ രൂപംകൊള്ളുന്നു. ഈ വർഷത്തെ തസ്തിക നിർണയം കഴിയുമ്പോൾ തൊഴിൽ സ്ഥിരതയുണ്ടായിരുന്ന പതിനായിരം അധ്യാപകർ തസ്തികയില്ലാതെ പൊതുവിദ്യാലയങ്ങളിൽ നിന്നും പുറത്താകും. 1500 ഓളം സി.ബി.എസ്.ഇ സ്കൂളുകളിലും മുവ്വായിരത്തോളും പുതുതായി അംഗീകാരം നേടുന്ന അൺ-എയ്ഡഡ് സ്കൂളുകളിലുമായ പതിനായിരങ്ങൾ കടുത്ത ചൂഷണത്തിന്റെ ഇരകളായി മാറും.

അധ്യാപകനാകാനുള്ള പുതിയ തലമുറയുടെ സ്വപ്നം കാരൂരിന്റെ കഥകളിലെ വിശപ്പകറ്റാൻ പൊതിച്ചോറ് മോഷ്ടിക്കേണ്ടി വന്ന അധ്യാപകന്റെ അവസ്ഥയിലാകുന്ന പുതിയ സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. അധ്യാപക ശ്രേഷ്ഠനായ ഡോ. രാധാകൃഷ്ണന്റെ ഓർമ്മകൾ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കനുള്ള പോരാട്ടങ്ങൾക്കുള്ള പ്രദോചനം നൽകും.

എം ഷാജഹാൻ  
*ജനറൽ സെക്രട്ടറി*